ആണ്ടുതോറും സമ്മാനം നൽകണമെന്നതാണ് സ്വീഡിഷ് അക്കാദമിക്ക് നോബൽ നൽകിയ നിർദേശം. ഇതെത്രയും അവ്യക്തമാണെന്ന പറയേണ്ടതില്ല. ഇരുപതാം നൂററാണ്ടിന്റെ ആദ്യവർഷമായ 1901–ൽ, ഫ്രാൻസിലെ ഒരു ഇടത്തരം കവിയും ഉപന്യാസകാരനുമായ സള്ളി പ്രൂധോമിന് സാഹിത്യത്തിനുള്ള ആദ്യത്തെ നോബൽസമ്മാനം നൽകപ്പെട്ടു ജെയിംസ് ജോയ്സ്, ജോസഫ് കോൺറാഡ്, ചെഖോവ്, ടോൾസ്റ്റോയ്, ഗോർക്കി, കാഫ്ക, പ്രൂസ്റ്റ് തുടങ്ങി പ്രസിദ്ധരായ പല എഴുത്തുകാർക്കും നോബൽസമ്മാനം ലഭിക്കുകയുണ്ടായില്ല. കൂടുതൽ അർഹതയുള്ളവർക്ക നൽകപ്പെട്ടില്ല എന്നല്ലാതെ, തികച്ചും അനർഹർക്ക നൽകപ്പെട്ടു എന്ന് നോബൽസമ്മാനത്തെപ്പററി പരാതി ഏതായാലും, ഉയർന്നിട്ടില്ല. സമ്മാനം നൽകുന്നതിനുള്ള ഉപാധി ഗ്രന്ഥകാരന്റെ പ്രശസ്തിയും കൃതികളുടെ പ്രചാരവും ആയിക്കൂടാ എന്ന് അക്കാദമി സെക്രട്ടറി ഗില്ലെൻ സ്റ്റെൻ പറയുന്നതിനോട് യോജിക്കാത്തവർ കുറവായിരിക്കും. 'സാഹിത്യത്തിന്റെ അന്താരാഷ്ട്രീയ—സൂപ്പർമാർക്കററുകളിൽ, പലപ്പോഴും ടൂത്ത്പേയ്സ്റ്റ് പോലെയാണ് ഗ്രന്ഥകാരന്മാർ വിററഴിയുന്നത്' എന്ന് അദ്ദേഹം പ്രസ്താവിച്ചതിൽ കാര്യമുണ്ട്. പരസ്യംകൊണ്ട് പ്രശസ്തിനേടാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ വെറും മൂന്നാം കിടക്കാർക്കും കഴിയും. ഉപരിപ്ലവമായ വായനക്കു വഴങ്ങാത്ത, അപ്രശസ്തരായ, സ്വന്തം വഴി സ്വയം വെട്ടിയുണ്ടാക്കിയ എഴുത്തുകാരോടാണ് സ്വീഡിഷ് അക്കാദമി ഈയിടെയായിടെ ആഭിമുഖ്യംപുലർത്തുന്നത് എങ്കിൽ, പതിനെട്ട് അക്കാദമിയംഗങ്ങളെയും അക്കാര്യത്തിൽ അഭിനന്ദിക്കുകയത്രേ നാം ചെയ്യേണ്ടതു്.

18–10–1985

## 24. വിവാഹവും കുടുംബവും

ശരീയത്ത് സംബന്ധിച്ച് ഇന്ത്യയിൽ ഇന്ന നടക്കുന്ന വാദപ്രതിവാദങ്ങൾ, കുടുംബഘടനയെയും അതു രൂപപ്പെടുത്തുന്നതിൽ വിവാഹത്തിനുള്ള സ്ഥാനത്തെയുംപററി ആഴത്തിൽ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

പല തലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടതാണ് മനുഷ്യസമൂഹം. അതിന്റെ ഏററവും വിസ്തൃതമായ തലത്തിലുള്ള സംഘടന രാഷ്ട്രമാകുന്നു; ഏററവും സീമിതമായ തലത്തിലുള്ള സംഘടന കുടുംബവും. സമൂഹഘടനയുടെ പ്രാഥമികഘടകമത്രേ കുടുംബം.

മനുഷ്യശിശുക്കൾക്ക് ദീർഘകാലത്തെ സംരക്ഷണം ആവശ്യമുണ്ട്. നീണ്ടുപോയേക്കാവുന്ന വാർദ്ധക്യത്തിലും മനുഷ്യർക്ക സംരക്ഷണം കൂടിയേ കഴിയൂ. ശിശുക്കൾക്കും വൃദ്ധർക്കും സംരക്ഷണം ലഭ്യമാകുന്നതു് കുടുംബമെന്ന സംഘടനയിലൂടെയാകുന്നു. ഭൗതികമായ സംരക്ഷണത്തിനു പുറമെ, എല്ലാ മനുഷ്യവ്യക്തികൾക്കും ആവശ്യമായ മാനസിക (വൈകാരിക) സംരക്ഷണം നൽകുന്നതും കുടുംബംതന്നെ. കുടുംബാംഗങ്ങൾ പരസ്പരം നൽകുന്ന സ്നേഹമാണ് മനുഷ്യവ്യക്തികളുടെ മാനസികമായ ആരോഗ്യത്തിന്റെ മുഖ്യമായ ഉറവിടം. സമൂഹത്തിൽ അടിസ്ഥാനപരമായ സാമ്പത്തികഘടകവും കുടുംബമത്രേ.

കുടുംബഘടനയുടെ ആധാരം ജനനമോ വിവാഹമോ ആകാം. ജനനത്തെ ആസ്പദിച്ചുള്ള കുടുംബഘടനയാണ് മരുമക്കത്തായം. മരുമക്ക

ത്തായത്തിൽ, ഒരു കുടുംബത്തിലെ അംഗങ്ങൾ പ്രസവിക്കുന്ന കുഞ്ഞുങ്ങളെല്ലാം മരണപര്യന്തം ആ കുടുംബത്തിലെ അംഗങ്ങളായി തുടരുന്നു. ഏതാനും വർഷങ്ങൾ മുമ്പുവരെ കേരളത്തിൽ പല സമുദായങ്ങളിലും മരുമക്കത്തായ–കുടുംബഘടന നിലവിലിരുന്നു. മരുമക്കത്തായത്തിൽ വിവാഹം, വ്യക്തികൾ തമ്മിലുള്ള ഒരു സ്വകാര്യബന്ധമോ, എപ്പോൾ വേണമെങ്കിലും റദ്ദാക്കാവുന്ന ഒരു കരാറോ മാത്രമായിരുന്നു എങ്കിലും, കുടുംബത്തിലെ മററംഗങ്ങളുടെയും, സമുദായത്തിന്റെ ആകെത്തന്നെയും, അംഗീകാരം മരുമക്കത്തായസമ്പ്രദായത്തിലും വിവാഹബന്ധത്തിന്റെ ഭദ്രതയ്ക്ക് അനുപേക്ഷണീയമായി കരുതപ്പെട്ടിരുന്നു.

ബ്രിട്ടീഷ്ഭരണം ഇന്ത്യയിൽ ഉറച്ചതിനെത്തുടർന്ന്, കേരളത്തിലെ കാർഷികസമ്പദ്ഘടന പൊട്ടിച്ചിതറുകയും പുതിയ തൊഴിൽമേഖലകളും പുതിയ ജീവിതമാതൃകകളും നിലവിൽവരുകയും ചെയ്യുതോടെ, മരുമക്കത്തായവ്യവസ്ഥിതിക്കകത്ത് പല ആന്തരസംഘർഷങ്ങളും രൂപം കൊണ്ടു. മരുമക്കത്തായകുടുംബവ്യവസ്ഥ അപ്രത്യക്ഷമായതും, മക്കത്തായകുടുംബവ്യവസ്ഥ നിലവിൽവന്നതും കേരളത്തിൽ, മിക്ക സമുദായങ്ങൾക്കിടയിലും, ഇക്കഴിഞ്ഞ നൂറുവർഷങ്ങൾക്കുള്ളിലാണ്.

മക്കത്തായകുടുംബവ്യവസ്ഥയുടെ ആധാരം വിവാഹമാകുന്നു. ജനനം ആകസ്മികമെങ്കിൽ, മുതിർന്ന വ്യക്തികൾ ഇച്ഛാപൂർവ്വം കൈക്കൊള്ളുന്ന ഒരു സ്വതന്ത്രനടപടിയാണ് വിവാഹം. ആവശ്യമെങ്കിൽ വിവാഹബന്ധം വേർപെടുത്തുവാൻ രാജ്യത്തിലെ നിയമം അനുവദിക്കുമെങ്കിലും, ദമ്പതികളുടെ മരണംവരെ ദൃഢമായി നിലനില്ക്കുന്ന ഒരേർപ്പാടാണ് വിവാഹമെങ്കിൽ മാത്രമേ മക്കത്തായകുടുംബങ്ങളിൽ ശിശുക്കൾക്കും വൃദ്ധർക്കും പര്യാപ്തമായ സംരക്ഷണം ലഭിക്കുകയുള്ളു. അതിനാൽ വിവാഹബന്ധത്തെ ശാശ്വതീകരിക്കുവാൻ മക്കത്തായസമുദായങ്ങൾ ശ്രമിക്കുന്നു. ഒരുവശത്ത്, മതാചാരങ്ങൾ അനുശാസിക്കുന്ന ഒരു സംസ്കാരമെന്നനിലയിൽ വിവാഹത്തിന് സമുദായം പാവനത്വം കല്പിക്കുന്നു—ഈശ്വരൻ യോജിപ്പിച്ചവരെ മനുഷ്യൻ അകററാതിരിക്കട്ടെ! മറുവശത്ത്, വിവാഹമോചനം കഴിയുന്നത്ര ക്ലേശകരമാക്കുന്നതിനുവേണ്ടി നിയമങ്ങൾ നിർമിക്കപ്പെടുന്നു. വിവാഹബന്ധം വേർപെടുത്തിയശേഷവും, മുൻഭാര്യയ്ക്കും കുട്ടികൾക്കും മുൻഭർത്താവ് നിശ്ചിതതോതിൽ ജീവനാംശം നൽകണമെന്ന് നിബ്ബന്ധിക്കുന്നതിന്റെ ഒരു അടിസ്ഥാനം ഇതാണ്.

വിവാഹബന്ധത്തിൽ അധിഷ്ഠിതമായ മക്കത്തായ–കുടുംബവ്യവസ്ഥയാണ് പാശ്ചാത്യ–ക്രൈസ്തവ സമൂഹങ്ങളിൽ സഹസ്രാബ്ദങ്ങളായി നിലവിലിരിക്കുന്നത്. പല കാരണങ്ങളുടെയും സംയുക്തപ്രവർത്തനത്തിൻഫലമായി, ഇക്കഴിഞ്ഞ മുപ്പതുവർഷങ്ങളിൽ പാശ്ചാത്യസമൂഹങ്ങളിലെ വിവാഹവ്യവസ്ഥ കഠിനമായ സമ്മർദത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. അവിടെ വിവാഹമോചനങ്ങൾ വർദ്ധിക്കുകയും വിവാഹംചെയ്യാതെതന്നെ സ്ത്രീക്കും പുരുഷനും ഒന്നിച്ചുപാർക്കാമെന്നു വന്നിരിക്കുകയുംചെയ്യുന്നു. വിവാഹമെന്ന കർമം അനുഷ്ഠിക്കാതെയുള്ള ഇത്തരം ദാമ്പത്യജീവിതത്തെ 'സഹവാസം' (കോ–ഹാബിറേഷൻ) എന്നു വിളിക്കുന്നു. ചരിത്രം ഉണ്ടായ കാലംമുതൽ അവിടെ കുടുംബബന്ധങ്ങളുടെ അടിത്തറയായി വർത്തിച്ച വിവാഹമെന്ന സമ്പ്രദായം ആത്യന്തികമായി തകർന്നേക്കാമെന്ന ആശങ്ക പാശ്ചാത്യസമൂഹങ്ങളിൽ ഉളവായിക്കഴിഞ്ഞിരിക്കുന്നു. 1950-കളിൽത്തന്നെ വിവാഹബന്ധത്തിനു നേരെ വെല്ലുവിളികൾ വലിയതോതിൽ പാശ്ചാത്യസമൂഹങ്ങളിൽ ഉയർത്തപ്പെട്ടുതുടങ്ങി. 1970–കളിൽ വിവാഹത്തോളംതന്നെ സാധാരണമായി അവിടെ വിവാഹമോചനം. 1980–കളിൽ ഈ പ്രതിഭാസം ഏറെക്കുറെ സ്ഥിരത കൈവരിച്ചുമിരിക്കുന്നു.

പാശ്ചാത്യസമൂഹങ്ങളിൽ വിവാഹസമ്പ്രദായത്തിന്റെ തകർച്ചയ്ക്കു പല കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. പുരുഷനോടൊപ്പം സാമ്പത്തികസ്വാതന്ത്ര്യം സ്ത്രീക്കു കൈവന്നതാണ് ഒരു കാരണം. പുരുഷമേധാവിത്വത്തെ അവലംബിച്ചു രൂപംകൊണ്ട പല മത–നൈതിക ധാരണകളും ഇതു നിമിത്തം ചോദ്യംചെയ്യപ്പെട്ടു. ഗർഭനിരോധോപകരണങ്ങളും ഗർഭച്ഛിദ്ര സൗകര്യങ്ങളും സാർവത്രികമായതോടെ ലൈംഗികബന്ധങ്ങളെ പാശ്ചാത്യർ ഒരു പുതിയ വെളിച്ചത്തിൽ കാണാൻ തുടങ്ങി. പലരെ സംബന്ധിച്ചും, ശാരീരികമായ വികാരമൂർച്ഛ നേടുന്നതിനുള്ള ഒരു പ്രവർത്തനം മാത്രമായിത്തീർന്നു ലൈംഗികബന്ധം. സ്ത്രീകൾ അവിടെ സാമൂഹ്യ–സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; വ്യക്തിബന്ധങ്ങൾക്കുമേൽ സമൂഹത്തിന് നിയന്ത്രണം നഷ്ടപ്പെട്ടു. അനാഥശിശുക്കളെയും വൃദ്ധരെയും സംരക്ഷിക്കേണ്ട ഭാരം, ഏറിവരുന്നതോതിൽ സർക്കാരുകൾ ഏറ്റെടുത്തു. രോഗശുശ്രൂഷ സർക്കാരിൽനിന്നു കിട്ടേണ്ട പൗരന്റെ അവകാശമായി. മതം തികച്ചും അപ്രസക്തമോ, ഒരു ഞായറാഴ്ചക്കാര്യമോ, ആയിത്തീർന്നു. വിവാഹാധിഷ്ഠിത കുടുംബബന്ധത്തിന്റെ മൂലക്കല്ലുകൾ ഇളക്കിക്കളയാൻ ഇതെല്ലാം സഹായിച്ചു.

വിവാഹസമ്പ്രദായം പാശ്ചാത്യസമൂഹങ്ങളിൽ ഇതിനുമുമ്പ് ഇത്തരമൊരു പ്രതിസന്ധിയെ നേരിട്ടത് റോമാസാമ്രാജ്യത്തിന്റെ അവസാന നാളുകളിൽ മാത്രമാണത്രേ. പതിനാറാം നൂറ്റാണ്ടിനുശേഷം, ഇക്കഴിഞ്ഞ മുപ്പതുവർഷങ്ങളിലാണ് കുടുംബവ്യവസ്ഥയിൽ ഏറ്റവും മൗലികങ്ങളും വിധ്വംസകങ്ങളുമായ മാറ്റങ്ങൾ, അതും ഇത്രയും വേഗത്തിൽ, പാശ്ചാത്യരാജ്യങ്ങളിൽ വന്നിട്ടുള്ളതെന്നു പല ചിന്തകരും കരുതുന്നു.

പാശ്ചാത്യരിൽത്തന്നെ വിഭിന്ന ജനവർഗ്ഗങ്ങൾക്കിടയിലും, നഗര–ഗ്രാമപ്രദേശങ്ങളിലെ നിവാസികൾക്കിടയിലും ഗണ്യമായ വ്യത്യാസം ഉണ്ട് എന്നതിനാൽ, ഏതെങ്കിലുമൊരു രാജ്യത്തിലെ വിവാഹത്തകർച്ചയെപ്പറ്റി ഏകരൂപമായ ഒരു ചിത്രം സമർപ്പിക്കുക പ്രയാസമാകുന്നു. അമേരിക്കയിൽ, വിവാഹംചെയ്യാതെ പുരുഷന്മാരുമായി 'സഹവസി'ക്കുന്ന സ്ത്രീകൾ വെള്ളക്കാരേക്കാൾ കൂടുതൽ നീഗ്രോകൾക്കിടയിലാണത്രേ. ഗ്രാമങ്ങളിൽ നടക്കുന്നതിന്റെ ഇരട്ടിയിലേറെ ഗർഭച്ഛിദ്രങ്ങൾ അവിടെ നഗരങ്ങളിൽ നടക്കുന്നു. അമേരിക്കയിൽ കിഴക്കൻ സംസ്ഥാനങ്ങളിലുള്ളതിന്റെ അറുപതു ശതമാനം കൂടുതലാണ് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ വിവാഹമോചനം.

1985 ഏപ്രിൽ അവസാനിച്ച ഒരു വർഷത്തിൽ അമേരിക്കയിൽ പതിനൊന്നുലക്ഷത്തി എഴുപതിനായിരം വിവാഹമോചനങ്ങൾ നടന്നു. (ആകെ ജനസംഖ്യ ഇരുപത്തിരണ്ടുകോടി അറുപത്തഞ്ചുലക്ഷം) ഇപ്പോൾ പ്രതിവർഷ വിവാഹമോചനസംഖ്യ ഏതാണ്ട് സ്ഥിരപ്പെട്ടിരിക്കുകയാണ്. ഇരുപതുവർഷം മുമ്പ് അവിടെയുണ്ടായിരുന്നതിന്റെ മൂന്ന് ഇരട്ടിയാണിത്.

ഇപ്പോൾ അമേരിക്കൻ ദമ്പതിമാരിൽ നൂറിന് നാലുപേരും വിവാഹകർമം നടത്താതെ സഹവസിക്കുന്നവരാണ്. ഇത്തരം സഹവാസത്തെ സമൂഹം സദാചാരമായി അംഗീകരിച്ചുമിരിക്കുന്നു. ഇരുപത്തഞ്ചിനും ഇരുപത്തൊമ്പതിനുമിടയ്ക്കു വയസ്സുള്ള അവിവാഹിതരായ അമേരിക്കൻ യുവതികളിൽ ആറിലൊരുവൾ വീതം ഇങ്ങനെ ഒരു പുരുഷനുമായി സഹവസിക്കുന്നു. സ്വീഡനിൽ, ഇരുപതുമുതൽ ഇരുപത്തിനാലുവരെ വയസ്സുള്ള യുവതികളിൽ അറുപതു ശതമാനവും 'സഹവസി'ക്കുന്നു. ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ, ഇരുപതുവയസ്സുള്ള പുരുഷന്മാരിൽ എഴുപതു ശതമാനവും വിവാഹംചെയ്യാതെ സ്ത്രീയുമായി സഹവസിക്കുന്നവരാണ്.

1940—ൽ അമേരിക്കയിൽ ആകെ നടന്ന പ്രസവങ്ങളിൽ നാലു ശതമാനം വിവാഹിതരല്ലാത്ത അമ്മമാരുടേതായിരുന്നു. ഇപ്പോൾ 1985—ൽ ഇത്തരം പ്രസവങ്ങളുടെ സംഖ്യ ഇരുപതുശതമാനമായി ഉയർന്നിരിക്കുന്നു; അതായതു് അഞ്ചിലൊരു അമേരിക്കൻ കുട്ടിക്കു് നിയമപ്രകാരം അച്ഛനില്ല! ഡെൻമാർക്കിൽ ഇത്തരം 'അച്ഛനില്ലാത്ത' കുട്ടികളുടെ എണ്ണം 1970—ൽ പതിനൊന്നു ശതമാനമായിരുന്നതു് 1985- ൽ നാല്പത്തിരണ്ടു് ശതമാനമായി വദ്ധിച്ചിരിക്കുന്നു.

ഇന്നത്തെ നില മാററമില്ലാതെ തുടരുകയാണെങ്കിൽ, 1985_ൽ അമേരിക്കയിൽ നടന്ന വിവാഹങ്ങളിൽ പകുതിയും കുറച്ചുവർഷങ്ങൾക്കകം വിവാഹമോചനത്തിൽ അവസാനിക്കും; ഇന്നു പിറക്കുന്ന കുട്ടികളിൽ എഴുപതു ശതമാനവും, പതിനെട്ടു വയസ്സാകും മുമ്പു് കുറേക്കാലമെങ്കിലും, 'അമ്മക്കുടുംബ'ങ്ങളിൽ (അച്ഛനില്ലാത്ത കുടുംബങ്ങളിൽ) ചെലവഴിക്കേണ്ടതായുംവരും.

അമേരിക്കൻ മഹാനഗരങ്ങളിൽ പത്തൊമ്പതു വയസ്സാകുംമുമ്പു് പെൺകുട്ടികളിൽ എൺപതു ശതമാനവും ആൺകുട്ടികളിൽ തൊണ്ണൂറു ശതമാനവും ലൈംഗികബന്ധങ്ങളിൽ ഏർപ്പെടുന്നു.

ഇതൊന്നും താല്ക്കാലികപ്രതിഭാസങ്ങളല്ലെന്നും, സമൂഹത്തിൽ അവസ്ഥിരപ്പെട്ടു് സദാചാരങ്ങളായി മാറിക്കൊണ്ടിരിക്കുകയാണെന്നും സാമൂഹ്യചിന്തകർ കരുതുന്നു; ഒരുപക്ഷേ, വിവാഹമോചനനിരക്കു് ഇനിമേൽ കുറെ കുറഞ്ഞെന്നുവരാം. വിവാഹമൂല്യങ്ങളെ പുതുതായി വിലയിരുത്തുന്നതിനുള്ള പരിശ്രമവും കുടുംബബന്ധങ്ങളിൽ സ്ഥിരതയ്ക്കുള്ള തൃഷ്ണയും അവിടെ നാമ്പെടുത്തുവരുകയാണു്. പൊതുധാരണയ്ക്കു വിപരീതമായി, മുതിർന്ന അമേരിക്കക്കാർ ഇപ്പോഴും തങ്ങളുടെ തറവാടുകളുമായി (എക്സ്ടെൻഡഡ് ഫാമിലി) ഗാഢബന്ധം പുലർത്തുന്നുണ്ടെന്നും പറയപ്പെടുന്നു. തങ്ങളുടെ വിവാഹബന്ധം സന്തുഷ്ടിപ്രദമാണെന്നു കരുതുന്ന വിവാഹിതരുടെ സംഖ്യയും കുറവല്ല. ജീവിതത്തിനു് സാഫല്യവും ഭദ്രതയും സ്നേഹസമ്പത്തും നൽകുന്ന ഒരു സ്ഥാപനമായി വിവാഹത്തെ കണക്കാക്കുന്ന യുവജനങ്ങൾ ഇപ്പോഴും അവിടെ ഇല്ലാതായിട്ടില്ല.

മുതിർന്നവരിൽ തൊണ്ണൂറഞ്ചു് ശതമാനത്തോളം ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ വിവാഹം ചെയ്തിട്ടുള്ള പഴക്കമാണു് അമേരിക്കയിലുള്ളതു്. ബ്രഹ്മചാരികൾ അവിടെ കുറവാണു്. ഈ വഴക്കം ഇനിയും തുടരുമെന്നാണു പല ചിന്തകരുടെയും പ്രതീക്ഷ; വിവാഹിതരുടെ ശതമാനം ഇനിയങ്ങോട്ടു കുറച്ചു കുറഞ്ഞേക്കാമെങ്കിലും.

വിവാഹത്തിലുള്ള വിശ്വാസത്തെയാണു വിവാഹമോചനം കുറിക്കുന്നതെന്നു കരുതുന്നവരും കുറവല്ല. കാരണം, രണ്ടാമതൊരു വിവാഹത്തിലേർപ്പെടാൻ വേണ്ടിയാണു് അമേരിക്കയിൽ പലരും വിവാഹമോചനം നേടുന്നതു്. 1982—ൽ അമേരിക്കയിൽ നടന്ന വിവാഹങ്ങളിൽ നാല്പത്തഞ്ചു ശതമാനവും പുനർവിവാഹങ്ങളായിരുന്നു. ഒന്നാംകെട്ടിൽ നിന്നു കിട്ടാത്ത ചില അനുഭൂതികൾ തേടിയാണല്ലോ ആളുകൾ രണ്ടാം കെട്ടിലേക്കും മൂന്നാം കെട്ടിലേക്കുമൊക്കെ പോകുന്നതു്. അതിനാൽ 'വിവാഹ'മെന്ന സമ്പ്രദായം ഭദ്രമാണെന്നത്രെ, വിവാഹമോചനങ്ങളുടെ എണ്ണപ്പെരുപ്പം കാണിക്കുന്നതു്!

വാദിക്കുന്നതു് എങ്ങനെയും ആവാമല്ലോ. പക്ഷേ, വിവാഹമോചനത്തെ ഒരു 'പകച്ച്വ്യാധി' ആയിക്കരുണുന്ന സാമൂഹ്യചിന്തകരും അമേരിക്കയിൽ ഇല്ലായ്കയില്ല.

വിവാഹത്തെപ്പററി അമേരിക്കൻകുട്ടികൾ എന്തു വിചാരിക്കുന്നു? പന്ത്രണ്ടുമുതൽ പതിനാറുവരെ വയസ്സുള്ള കുട്ടികൾക്കിടയിൽ 1981—ൽ നടത്തിയ ഒരു സർവേ കാണിക്കുന്നതു് കുട്ടികളിലധികവും വിവാഹ

കാര്യത്തിൽ യഥാസ്ഥിതികാഭിപ്രായങ്ങൾ പുലർത്തുന്നവരാണെന്നാണ്. സർവേയ്ക്കു വിധേയരായ കുട്ടികളിൽ അഞ്ചിൽ മൂന്നുപേരും വിവാഹത്തിനുമുമ്പ് ലൈംഗികവേഴ്ചയ്ക്ക് എതിരായിരുന്നു. വിവാഹത്തിൽ നിന്നു പ്രതീക്ഷിക്കുന്ന സൗഖ്യം ലഭിക്കാത്തവർക്ക് എളുപ്പത്തിൽ വിവാഹമോചനം നേടാൻ കഴിയണമെന്നു വാദിച്ചപ്പോൾത്തന്നെ, മാതാപിതാക്കളുടെ വിവാഹമോചനം കുട്ടികൾക്കു ശാശ്വതമായ വൈകാരിക വൈഷമ്യങ്ങൾ സൃഷ്ടിക്കുമെന്ന അഭിപ്രായക്കാരായിരുന്നു, ഈ കുട്ടികളിൽ അറുപത്തിനാലു ശതമാനം പേരും. ജീവപര്യന്തം ഒരുമിച്ചു പാർക്കാൻ തയ്യാറല്ലാത്ത സ്ത്രീപുരുഷന്മാർ വിവാഹംകഴിക്കരുത് എന്നായിരുന്നു മൂന്നിൽ രണ്ടുഭാഗം കുട്ടികളുടെയും ദൃഢാഭിപ്രായം.

സാമൂഹ്യശാസ്ത്രജ്ഞർ, ജനസംഖ്യാ ശാസ്ത്രജ്ഞർ, ധനശാസ്ത്രജ്ഞർ, മനശ്ശാസ്ത്രജ്ഞർ, മതചിന്തകർ, നിയമസഭാംഗങ്ങൾ, പൊതുനയം സംബന്ധിച്ച് ഗവേഷണം നടത്തുന്നവർ, ഇൻഷ്വറൻസ് കമ്പനിക്കാർ പല വീക്ഷണകോണങ്ങളിൽനിന്നു വിവാഹത്തിന്റെ പ്രശ്നങ്ങളെ നിരീക്ഷിക്കുകയും പഠിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയുംചെയ്യുന്നവർ പാശ്ചാത്യ സമൂഹങ്ങളിൽ ഏറെയുണ്ട്. ഇവർക്കിടയിൽ ഏകാഭിപ്രായം ഉണ്ടാവുക പ്രയാസം. പക്ഷേ, വസ്തുതകളെ സംബന്ധിച്ചിടത്തോളം ഇവരെല്ലാം ഏറെക്കുറെ യോജിക്കുന്നു.

ഭാരതീയസമൂഹം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടക്കുവാൻ ശ്രമിക്കുകയാണല്ലോ. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടക്കുക എന്നതിന്നർത്ഥം നമ്മെ സംബന്ധിച്ചിടത്തോളം പാശ്ചാത്യമാതൃകകളെ ബോധപൂർവം പിന്തുടരുക എന്നാണ്. ഇന്ത്യയിലും, പരിവർത്തനങ്ങളുടെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണു വിവാഹമെന്ന പ്രശ്നം. വിവാഹം രണ്ടു വ്യക്തികൾ തമ്മിലുള്ള ഒരു കരാറു മാത്രമാണെന്നും, വിവാഹമോചനം നല്കപ്പെട്ട സ്ത്രീയെയും അവളുടെ സന്താനങ്ങളെയും സംരക്ഷിക്കേണ്ടതു് സ്ത്രീയുടെ പിറന്ന (മരുമക്കത്തായ)വീട്ടിലെ അംഗങ്ങളുടെ ചുമതലയാണെന്നുമുള്ള ശരിയത്ത് അനുകൂലികളുടെ വാദം നാം ധാരാളമായി കേട്ടുകൊണ്ടിരിക്കുന്നു. വിവാഹത്തിൽ ഇന്നത്തെ അമേരിക്കൻ–സ്വീഡിഷ്–ഡാനിഷ് മാതൃക നാം കൈക്കൊള്ളുന്നപക്ഷം, അതേറെക്കുറെ, സർ സി. ശങ്കരൻ നായർ മദ്രാസ് നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ ഒരു നിയമത്തിലൂടെ നിയമസാധുത നേടും മുമ്പ് കേരളത്തിലെ മരുമക്കത്തായകുടുംബങ്ങളിൽ നിലവിലിരുന്ന വിവാഹസമ്പ്രദായത്തിലേക്കുള്ള ഒരു തിരിച്ചുപോക്കായിരിക്കും.

(ആധാരം: ക്രിസ്ത്യൻ സയൻസ് മോണിറ്ററിൽനിന്ന് 1986 ജനുവരി 5-ലെ 'ഹിന്ദു'വിൽ ഉദ്ധരിച്ചിരുന്ന ലേഖനം.)

6–1–1986

# 25. എളിമജീവിതം

ദരിദ്രൻ മിതവ്യയം ശീലിക്കുന്നതിൽ അസാധാരണത ഒന്നുമില്ല. എന്നാൽ, സമ്പന്നന്റെ മിതവ്യയം ശ്രദ്ധാർഹമാണ്. അമേരിക്കക്കാരെപ്പോലെ ഏറ്റവുമധികം സമ്പാദിക്കുകയും ഏറ്റവുമധികം ചെലവഴിക്കുകയുംചെയ്യുന്നതാണ് യോഗ്യത എന്നു കരുതുന്ന ഒരു സമൂഹത്തിൽ മിതവ്യയം ഒരാദർശമാക്കിപ്പോരുന്ന ധാരാളം ജനങ്ങളുണ്ടെന്നും, ഇവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരികയാണെന്നും അറിയുമ്പോൾ,